അബുൽ ഹസൻ

# പാപങ്ങൾ വഴിതെറ്റിക്കുമ്പോൾ

**ജീവിതം** ഒരു മഹാ പരീക്ഷണമാണ്. അതുകൊണ്ടുതന്നെ ദേഹേഛ, പൈശാചികശക്തികളുടെ പ്രലോഭനം, നന്മ തിന്മകൾ ചെയ്യാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവക്ക് പ്രസക്തിയുണ്ട്. അഥവാ പരീക്ഷണവും അവയുടെ കുരുക്കുകളുമില്ലെങ്കിൽ ലഭിക്കുന്ന പ്രതിഫലത്തിന് മധുരമുണ്ടാവില്ല. മാത്രമല്ല, നല്ലതും തിയ്യതും ചെയ്യാനുള്ള അവസരമില്ലെങ്കിൽ അത് മനുഷ്യന്റെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കലാകും. സ്വാതന്ത്ര്യത്തിന് അങ്ങേയറ്റം വില കൽപിക്കുന്ന ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം അക്കാര്യം ചിന്തിക്കാനേ സാധ്യമല്ല. "വേണമെങ്കിൽ സ്വീകരിക്കാം, വേണ്ടെങ്കിൽ തിരസ്കരിക്കാം" എന്ന ഖുർആനിക വിളംബരം ഇസ്‌ലാമിന്റെ അസ്തിവാരങ്ങളിലൊന്നാണ്.

തിന്മ മനുഷ്യപ്രകൃതിയുടെ ഭാഗമല്ലെന്നിരിക്കേ, മനുഷ്യൻ എങ്ങനെയാണ് 'ആത്മസംതൃപ്തി'യോടെ തെറ്റുകൾ ചെയ്യുക? ഈ സംശയത്തിനുള്ള മറുപടി ഒരു പ്രവാചകവചനത്തിൽ കാണാം. നബി(സ) പറഞ്ഞു: "സത്യവിശ്വാസി ഒരു പാപം ചെയ്താൽ അവന്റെ മനസ്സിൽ ഒരു കറുത്ത പുള്ളി വീഴുന്നു. അവൻ പശ്ചാത്തപിച്ചു മടങ്ങുകയും പാപമോചനം തേടുകയും ചെയ്താൽ അവന്റെ മനസ്സ് തിളങ്ങും. പാപം വർധിക്കുകയാണെങ്കിൽ പുള്ളികളും വർധിക്കും. അങ്ങനെ മനസ്സിനെ അത് കീഴടക്കുകയും ചെയ്യും." അപ്പോൾ പാപകൃത്യങ്ങൾ നമ്മുടെ ശുദ്ധ പ്രകൃതിയെ ഇരുളിലാഴ്ത്തും. ഇരുട്ടിന്റെ കട്ടി കൂടുംതോറും തുടർന്ന് ചെയ്യുന്ന തെറ്റുകൾ അവന് ഒരുതരം 'കൃത്രിമ സംതൃപ്തി' നൽകും. അങ്ങനെ വിശുദ്ധ വേദഗ്രന്ഥത്തിന്റെ ഭാഷയിൽ അവൻ മൃഗത്തേക്കാൾ അധഃപതിക്കും.

വൻ കുറ്റങ്ങളിൽ അഭിരമിക്കുന്നവരെ വിശുദ്ധ ഖുർആൻ കർശനമായി താക്കീത് ചെയ്തിട്ടുണ്ട്. പുണ്യങ്ങളിലൂടെ വിശുദ്ധ ജീവിതം സാക്ഷാത്കരിച്ച വിശ്വാസികൾക്ക് സ്വർഗവും ചാരുമഞ്ചങ്ങളും ശീതളഛായയും ഇണകളും വിശിഷ്ട ഭോജ്യങ്ങളും ഒക്കെയുണ്ടെന്ന സന്തോഷ വാർത്തകൾക്കിടയിൽ വിശുദ്ധ ഖുർആൻ പറയുന്നത് കാണുക: "ഹേ, പാപികളേ.. നിങ്ങളങ്ങ് മാറി നിൽക്കുവിൻ." തുടർന്ന് പറയുന്നതും ചിന്തനീയമാണ്: "ആദം സന്തതികളേ, ഞാൻ നിങ്ങളോടുപദേശിച്ചിരുന്നില്ലേ, ചെകുത്താന് അടിമപ്പെട്ടുപോകരുത്, അവൻ നിങ്ങളുടെ തുറന്ന ശത്രുവാണെന്ന്? നിങ്ങൾ എനിക്കു മാത്രമേ അടിമപ്പെടാവൂ, അതാണ് നേർവഴി. പക്ഷേ എന്നിട്ടും നിങ്ങളിൽ വലിയൊരു വിഭാഗത്തെ അവൻ വഴിതെറ്റിച്ചുകളഞ്ഞു. നിങ്ങൾക്ക് ബുദ്ധിയില്ലായിരുന്നോ?" (യാസീൻ 60-62).

ആദർശത്തിന്റെ ആണിക്കല്ലിൽനിന്ന് ജീവിതം തെറ്റിയാൽ പാപകൃത്യങ്ങൾ വാരിപ്പുണരുക തന്നെയാവും മനുഷ്യഗതി. ആദർശ സമഗ്രതയെക്കുറിച്ച അജ്ഞതയാകട്ടെ പാപപങ്കിലമായ ജീവിതത്തിൽനിന്ന് കരകയറുകയെന്നത് പ്രയാസകരമാക്കും. പാപങ്ങളിൽ നിരതനാകുകവഴി അതിനോട് ഒരുതരം ലാഘവ നയം തന്നെ കൈവരും. നബി(സ) പറയുന്നു: "(യഥാർഥ) വിശ്വാസി തന്റെ മേൽ വീഴാനിരിക്കുന്ന പർവതമായി പാപത്തെ ഗണിക്കും. കപട വിശ്വാസിയാകട്ടെ തന്റെ മൂക്കിൻ തുമ്പത്ത് വന്നിരിക്കുന്ന ഈച്ചയായും" (ബുഖാരി). പാപങ്ങളോടുള്ള ലാഘവ സമീപനം മനുഷ്യനെ വൻ കുറ്റങ്ങളുടെ ഉപാസകനാക്കും. ദൈവവുമായുള്ള ബന്ധത്തെ അത് തകർത്തുകളയും. അയാളുടെ ആത്മാവിൽ ഇരുൾ പടരും. തുടക്കത്തിൽ ചെയ്യാനറച്ച കാര്യങ്ങൾ പലതും ക്രമേണ ലജ്ജ ലേശമന്യേ ചെയ്തുതുടങ്ങും. മനസ്സിലെ വിശ്വാസം ദുർബലമായി അവിശ്വാസത്തിന്റെയും നിഷേധത്തിന്റെയും ഊഷര ഭൂമികളിൽ അയാൾ വിഹരിക്കാൻ തുടങ്ങും. 'അഴിച്ചുവിടപ്പെട്ട ദേഹേഛ'യുടെ വൻ അപകടങ്ങളെപ്പറ്റി പ്രമാണങ്ങൾ നമുക്ക് കനത്ത താക്കീത് നൽകിയിട്ടുണ്ട്. പക്ഷേ, പാഠങ്ങൾ ഉൾക്കൊള്ളുന്നതിനു പകരം ജീവിതത്തെ നരകമാക്കി മാറ്റാനാണ് നമ്മുടെ പുറപ്പാട്. 'പരമാവധി സുഖിക്കുക. മറ്റൊരു ജീവിതമില്ല' എന്ന തനി ഭൗതിക ചിന്തയായിരിക്കുന്നു അധിക പേരുടെയും വിശ്വാസ പ്രമാണം!

ദേഹേഛ അവിഹിത മാർഗേണ ശമിപ്പിക്കുക വഴി നമ്മുടെ ശുദ്ധ പ്രകൃതിയാണ് നഷ്ടപ്പെടുന്നത്. പാപങ്ങളെ പറ്റി പറയുമ്പോൾ 'സ്വന്തത്തെ അക്രമിക്കൽ' എന്നത്രെ വേദഗ്രന്ഥം പരിചയപ്പെടുത്തുന്നത്. സത്യവിശ്വാസികൾ അവയിൽ നിന്നെല്ലാം മാറിനിൽക്കാൻ എത്രമാത്രം കഠിനയത്നം നടത്തേണ്ടതുണ്ടെന്ന് മനസ്സിലാകാൻ പ്രവാചകന്റെ പ്രാർഥന ശ്രദ്ധിക്കുക: "അല്ലാഹുവേ, പ്രത്യക്ഷ- പരോക്ഷജ്ഞനും ആകാശ ഭൂമികളുടെ സ്രഷ്ടാവും എല്ലാ വസ്തുക്കളുടെയും നാഥനും ഉടമസ്ഥനുമായ നീയല്ലാതെ ഇലാഹില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ മനസ്സിന്റെ തിന്മയിൽനിന്നും പിശാചിന്റെ തിന്മയിൽനിന്നും അവന്റെ സൗഹൃദത്തിൽനിന്നും സ്വന്തത്തിനെതിരിൽ തിന്മ പ്രവർത്തിക്കുന്നതിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു" (തിർമിദി) ■